## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2262 — 17/06/2014-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | എ | 2010-2011 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിച്ച കണക്ക പ്രകാരം ഭൂരഹിതരായ 10517 ആദിവാസി കുടുംബങ്ങളാണുള്ളത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| ബി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന കൊല്ലം ജില്ലയിൽ 14 കുടുംബങ്ങൾക്ക് 40 സെന്റ് വീതവും, കണ്ണൂർ ജില്ലയിൽ 622 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതവുമായി ആകെ 636 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ ഉത്തരവ് (എം.എസ്) നം 68/2013/പജപവവിവ തീയതി 03.09.2013 പ്രകാരം 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതിയിൽ 57 കുടുംബങ്ങൾക്ക് 21 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| സി | ഭൂരഹിത കേരളം പദ്ധതി പ്രകാരമാണ് ഭൂമി അനുവദിച്ചതെങ്കിൽ അത് എത്ര പേർക്കാണെന്നും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ; | സി | ഭൂരഹിത കേരളം പദ്ധതി റവന്യൂ വകുപ്പാണ് നടപ്പിലാക്കുന്നത്. |
| ഡി | ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | ഡി | ഇനിയും ഭൂരഹിതരായ 9824 കുടുംബങ്ങൾക്ക് കൂടി ഭൂമി വിതരണം ചെയ്യേണ്ടതുണ്ട്. |
| ഇ | ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കുമുള്ള ഭൂമി വിതരണം എത്ര നാളിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ഇ | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണം ചെയ്യുന്ന പദ്ധതിയ്ക്കു പുറമെ സർക്കാർ ഉത്തരവ് (എം.എസ്) നം. 68/2013/പജപവവിവ തീയതി 03.09.2013 പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ സ്വകാര്യ ഭൂമി കണ്ടെത്തി വിലയ്ക്കു വാങ്ങുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതുവരെ 57 കുടുംബങ്ങൾക്ക് 21 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഭൂമി വിതരണം എത്രയും വേഗം പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 16 |
| 2 | കൊല്ലം | 76 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 212 |
| 5 | കോട്ടയം | 206 |
| 6 | ഇടുക്കി | 453 |
| 7 | എറണാകുളം | 194 |
| 8 | തൃശ്ശൂർ | 74 |
| 9 | പാലക്കാട് | 1826 |
| 10 | മലപ്പുറം | 733 |
| 11 | കോഴിക്കോട് | 301 |
| 12 | വയനാട് | 4913 |
| 13 | കണ്ണൂർ | 170 |
| 14 | കാസർഗോഡ് | 1215 |
| | ആകെ | 10517 |

R. [signature]

സെക്ഷൻ ഓഫീസർ